# ദെനഹ തിരുന്നാൾ

ഈ അടുത്ത ഇറങ്ങിയ *ടാ തടിയാ* എന്ന സിനിമയിൽ വളരെ ഹൃദയസ്സ്പർശിയായ ഒരു രംഗം ഉണ്ട്. പോണ്ണതടിയനായ ലൂക്കാ എന്നാ ചെറുപ്പക്കാരൻ തന്റെ തടി എന്നും നല്ലതാണെന്ന് വിചാരിച്ചിരുന്ന കലഘട്ടത്തിൽ അവൻ തിരിച്ചറിയുന്നു അവന്റെ തടി മറ്റുള്ളവർക്ക് ഒരു പരിഹാസ വിഷയം ആണെന്ന്. അന്ന് വരെ സന്തോഷിച്ചും, ജീവിതത്തെക്കുറിച്ച് വലിയ കാരിയങ്ങൾ ഒന്നും ചിന്തിക്കാതെയും നടന്ന അവൻ അന്ന് മുതൽ അപകർഷതയുടെ താഴവരതെക്ക് കൂപ്പുകുത്തുകയാണ്. അന്ന് വരെ വളരെയേറെ ഭക്ഷണം കഴിച്ചിരുന്ന സന്തോഷിച്ചു നടന്നിരുന്ന അവൻ പലതിനെയും ജീവിതത്തിൽ വെറുക്കുകയാണ്. അങ്ങനെയിരിക്കെ അവന്റെ വിഷമം മനസ്സിലാക്കി അവന്റെ വലിയമ്മച്ചി അവനു നല്ല ഒരു ഉപദേശം കൊടുക്കുകയാണ്. "മറ്റുള്ളവരിൽനിന്നും വിഭിന്നമായി നിനക്ക് വലിയ പോണ്ണതടി ദൈവം നലികിയിട്ടുണ്ടെങ്ങിൽ ദൈവം നിന്നിലൂടെ മറ്റുള്ളവരിൽ നിന്നും വിഭിന്നമായി വലിയ കാരിയങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു". ഈ വാക്കുകൾ അവന്റെ ജീവിതത്തിനു പുതിയ ഒരു അർത്ഥം നൽകുകയാണ്. അവൻ തന്റെ പോണ്ണതടിയെ, തന്റെ ജീവിത വീക്ഷണത്തെ ഒന്നായി കാണുവാൻ ശ്രമിക്കുകയാണ്. അതിന്റെ ഫലം ആയി ജീവിത യാത്രയിൽ വിജയിച്ചു നില്കുന്നവനായി സിനിമയിൽ അവനെ പിന്നീട് കാണിക്കുന്നു.

മിശിഹായിൽ പ്രിയപ്പെട്ടവരേ, കർത്താവിന്റെ ദെനഹ തിരുന്നാളിന്റെ ഓർമയാണ് നാം ഇന്ന് ആചരിക്കുന്നത്. ദൈവപുത്രൻ ആയ ഈശോ തന്റെ സ്നാപകനിൽ നിന്നുള്ള മാമോദീസ സ്വീകരണത്തിലൂടെ പരിശുദ്ധ ആത്മാവിനാൽ പൂരിതനായി തന്റെ ദഠ ൗതിനിർവഹണത്തിനായി തന്നെതന്നെ വെളിപ്പെടുത്തുന്ന ദിവസം മറൊരു വാക്കിൽ പറഞ്ഞാൽ ദൈവപിതാവ് പുത്രനെ വെളിപ്പെടുത്തുന്ന ദിവസം.

ഒന്നാമതായി, ദൈവപുത്രൻ ആയ യേശുവിനു ലോകത്തിന്റെ പുത്രനായ ഒരു സ്നപകനിലൂടെ സ്നാനം സ്വീകരിക്കെനമോ എന്ന് സ്നാനം നൽകുന്നവൻ തന്നെ, സ്നാപക യോഹന്നാൻ

ചോദിക്കുന്നുണ്ട്. "ഞാൻ നിന്നിൽനിന്നും സ്നാനം സ്വീകരിക്കേണ്ടിയിരിക്കെ നീ എന്റെ അടുത്തേക്ക് വരുന്നുവോ!". എന്നാൽ പ്രവചനങ്ങളുടെ പൂരത്തികരനതിനായി ഇത് ഇപ്പോൾ നടക്കട്ടെ എന്ന് പറഞ്ഞു ദൈവപുത്രൻ മനുഷ്യന്റെ മുൻപിൽ സ്നാനം സ്വീകരിക്കുവാനായി കുനിയുകയാണ്.

ജീവിതത്തിൽ പലപ്പോഴും കണ്ടു മറയുന്ന മറ്റു മനുഷ്യർ നമ്മുടെ ജീവിതയാത്രയിൽ വെറും അപരിചിതർ അയ സഹായാതിര്കർ അല്ല. ദൈവത്തിനു അവരിലൂടെ നമ്മോടു എന്തോ പറയാൻ ഉണ്ട്..എന്തോ പ്രവർത്തിക്കാൻ ഉണ്ട്. എന്തൊക്കെയോ നമുക്കുവേണ്ടി നേടിത്തരുവാൻ ഉണ്ട്. മേൽ വിവരിച്ച സിനിമയിൽ ജീവിതത്തിൽ തകർന്നുപോയ തടിയൻ ലൂക്കക്ക് അവന്റെ ജീവിതത്തെ, അവന്റെ പോണ്ണതടിയെ വേറെ ഒരു ദിശയിൽ നോക്കി കാണുവാൻ സഹായിച്ചത് അവന്റെ വലിയമ്മച്ചിയുടെ വാക്കുകൾ ആയിരുന്നു. അവൻ തന്റെ ജീവിത ലക്ഷ്യം ആ വാകുകളിലൂടെ മനസ്സിലാകുകയാണ്.

രണ്ടാമതായി, ദൈവം മനുഷ്യന് മുൻപിൽ കുനിയുന്ന അനുഭവം യോഹന്നാനിൽ നിന്നും സ്നാനം സ്വീകരിക്കുന്ന ദൈവപുത്രനായ ക്രിസ്തുവിൽ നാം കാണുന്നു. വളരെയേറെ നമ്മെ ചിന്തിപ്പിക്കേണ്ട ഒരു പ്രവർത്തി. പ്രവചനങ്ങളുടെ പൂർത്തികരണത്തിനായാണ് അവൻ സ്നാപകന്റെ മുൻപിൽ കുനിയുന്നതെങ്കിലും ക്രിസ്തുവിന്റെ ജീവിതത്തിൽ മുഴുവൻ നാം കാണുന്നത് ഈ കുനിയലിന്റെ, എളിമയുടെ പ്രവർത്തികൾ ആണ്. അവൻ കുനിയുന്നത് ശരീരം കൊണ്ടല്ല: അതിനു മുൻേപ അവൻ മനസ്സുകൊണ്ട് തന്നെ തന്നെ എളിയവൻ ആക്കി കഴിഞ്ഞു. കാലിത്തോഴുതു മുതൽ, ശിഷ്യരുടെ കാൽപാദം കഴുകുന്ന വേളയിലും, ദൈവം - മനുഷ്യൻ ആയി മൂന്ന് ആണികളിൽ തൂങ്ങി മനുഷ്യരുടെ മുൻപിൽ ആയിരിക്കുമ്പോഴും, അവൻ നമ്മോടു പറയുന്ന ഒരു ദെനഹ്ഹ സന്ദേശം ഉണ്ട്, "നിയും പോയി അത് പോലെ ചെയ്യുക". ദൈവപുത്രൻ മനുഷ്യന്റെ മുൻപിൽ കുനിയുമ്പോൾ സ്വർഗം തുറക്കപെടുകയാണ്. പരിശുദ്ധ ആത്മാവിന്റെ നിറവു അവനും മറ്റുള്ളവർക്കും ലഭിക്കുകയാണ്.

നാമും എപ്പോൾ നമ്മുടെ വാകുകളിലൂടെ മനുഷ്യരുടെ മുൻപിൽ എളിമപ്പെട്ടു കുനിയുന്നുവോ, മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ട്ടരായി കരുതി അവർക്ക് നന്മ ചെയ്യുവാൻ

ശ്രമിക്കുന്നുവോ അപ്പോൾ ഈ ദെനഹ് അനുഭവം ആണ് നാം പങ്കുവെക്കുന്നത്. അവിടം വലിയ ഒരു ദൈവാനുഭാവതിന്റെ കേന്ദ്രം ആയി മാറുകയും മറ്റുള്ളവർ "നിങ്ങളുടെ പ്രവർത്തികൾ കണ്ടു ദൈവത്തെ സ്തുതിക്കുകയും ചെയ്യും". ഈ ദെന്ഹ അനുഭവം സ്വന്തമാക്കി ക്രിസ്തുവിനു സാക്ഷ്യം വഹിച്ചു ജീവിക്കാൻ നമുക്ക് ശ്രമിക്കാം.

Fr. Shyju Naduvathaniyi, Diocese of Palghat.